(ബി) ഈ തസ്തികകൾ നിശ്ചയിക്കുന്നതിനുള്ള മാനദണ്ഡം എന്താണ്;

(സി) ഈ തസ്തികയിൽ ജോലി നോക്കുന്നവർക്ക് എന്തെങ്കിലും പ്രത്യേക അധികാരങ്ങളും അവകാശങ്ങളും അനുവദിച്ചിട്ടുണ്ടോ;

(ഡി) എങ്കിൽ വിശദാംശം ലഭ്യമാക്കുമോ?

ഉത്തരം

(എ) 31-8-1999 വരെയുള്ള ഭേദഗതികൾ ഉൾക്കൊള്ളിച്ച കേരളാ സർവ്വീസ് റൂൾസ് (KSR) പ്രകാരം 84 വിഭാഗത്തിൽപ്പെട്ട തസ്തികകൾ വകുപ്പ് മേധാവികളായി അംഗീകരിച്ചിട്ടുണ്ട്. തസ്തികകൾ സംബന്ധിച്ച വിശദവിവരം ശേഖരിച്ചു നൽകുന്നതാണ്.

(ബി) ഭരണപരവും സാമ്പത്തികപരവുമായ 'അക്കൗണ്ടബിലിറ്റി' ഉറപ്പാക്കുന്നതിനാണ് വകുപ്പ് തലവൻമാരുടെ തസ്തികകൾ നിശ്ചയിക്കുന്നത്.

(സി ആന്റ് ഡി) വകുപ്പുതലവൻമാർക്ക് വീതിച്ചു നൽകിയിട്ടുള്ള അധികാരങ്ങൾക്ക് വിധേയമായി അതാത് വകുപ്പുകളെ സംബന്ധിക്കുന്ന ഭരണപരവും സാമ്പത്തികവുമായ കാര്യങ്ങളിൽ തീരുമാനമെടുക്കാനുള്ള അധികാരം അവർക്കുണ്ട്. ഓരോ വകുപ്പിന്റേയും ഘടനയും പ്രവർത്തന സ്വഭാവവും നിർവ്വഹിക്കേണ്ടുന്ന ഉത്തരവാദിത്വങ്ങളുടെ വ്യാപ്തിയും അനുസരിച്ചാണ് അധികാരങ്ങളും അവകാശങ്ങളും അനുവദിക്കുന്നത്.

കേരള ശാസ്ത്ര സാങ്കേതിക പരിസ്ഥിതി കൗൺസിലിന്റെ പ്രവർത്തനം

9 [1585] ശ്രീ. എം. വി. ജയരാജൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള ശാസ്ത്ര സാങ്കേതിക പരിസ്ഥിതി കൗൺസിലിന്റെ പ്രവർത്തനം ആരംഭിച്ചത് എപ്പോൾ മുതലാണ് എന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത കൗൺസിലിന്റെ പ്രവർത്തനം എന്തൊക്കെയാണ്;

(സി) പ്രസ്തുത സ്ഥാപനം ഏതെങ്കിലും പദ്ധതിയിൽപ്പെടുത്തി എയ്ഡഡ് കോളേജുകൾക്ക് ധനസഹായം നൽകുന്നുണ്ടോ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ;

(ഡി) കഴിഞ്ഞ സാമ്പത്തിക വർഷം അത്തരം ഏതൊക്കെ സ്ഥാപനങ്ങൾക്ക് എത്ര തുക വീതം സഹായം നൽകിയിട്ടുണ്ട് എന്ന് അറിയിക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly

(ഇ) സർക്കാരിൽ നിന്നും ലഭിക്കുന്ന ഗ്രാന്റ്-ഇൻ-എയ്ഡ് കൊണ്ട് സ്വകാര്യ സ്ഥാപനങ്ങൾക്ക് ധനസഹായം നൽകുന്നത് അനുവദനീയമാണോ;

(എഫ്) ഇതു സംബന്ധിച്ച വിശദാംശം വെളിപ്പെടുത്തുമോ?

ഉത്തരം

(എ) 28-3-2003 മുതൽ.

(ബി) കേരള ശാസ്ത്ര സാങ്കേതിക പരിസ്ഥിതി കൗൺസിൽ രൂപീകരിക്കപ്പെട്ടത്, സർക്കാരിന്റെ ശാസ്ത്ര സാങ്കേതിക നയം കാര്യക്ഷമമായി നടപ്പിലാക്കുവാൻ വേണ്ടിയാണ്. ഇത് രൂപീകരിക്കപ്പെട്ടതിന് ശേഷം, മുമ്പ് ശാസ്ത്ര സാങ്കേതിക പരിസ്ഥിതി കമ്മിറ്റിയുടെ കീഴിൽ പ്രവർത്തിച്ചുവന്നിരുന്ന ജലവിഭവ വികസന കേന്ദ്രം, കേരള ഭൗമ ശാസ്ത്ര പഠന കേന്ദ്രം, രാജീവ് ഗാന്ധി സെന്റർ ഫോർ ബയോടെക്നോളജി, കേരള വനഗവേഷണ സ്ഥാപനം, ട്രോപ്പിക്കൽ ബൊട്ടാണിക്ക് ഗാർഡൻ ആന്റ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട്, ദേശീയ ഗതാഗത ആസൂത്രണ ഗവേഷണ കേന്ദ്രം എന്നീ സ്ഥാപനങ്ങളുടെ ഭരണ സംവിധാനങ്ങൾ, ഗ്രാന്റുകൾ, പദ്ധതികൾ എന്നിവ കൗൺസിൽ വഴിയാണ് നടത്തിവരുന്നത്. കൂടാതെ കൗൺസിൽ നേരിട്ട് നടപ്പിലാക്കുന്ന പല പദ്ധതികളും ഉണ്ട്. ഇവയുടെ വിശദ വിവരം അനുബന്ധം I ആയി ചേർത്തിട്ടുണ്ട്.†

(സി ആന്റ് ഡി) ഉണ്ട്. വിശദാംശം അനുബന്ധം II ആയി ചേർത്തിരിക്കുന്നു. †

(ഇ ആന്റ് എഫ്) കേരള ശാസ്ത്ര സാങ്കേതിക പരിസ്ഥിതി കൗൺസിൽ രൂപീകരിക്കപ്പെട്ടത്, സർക്കാരിന്റെ ശാസ്ത്ര സാങ്കേതിക നയവും, അതുവഴി ശാസ്ത്ര സാങ്കേതിക പരിപോഷണ പദ്ധതികൾ നടപ്പിലാക്കുവാൻ വേണ്ടിയാണ്. ഇതു നടപ്പിലാക്കുമ്പോൾ സ്ഥാപനങ്ങളുടെ നിലവാരവും ഗവേഷണ സ്ഥാപനങ്ങളുടെ നിലവാരവും ഗവേഷകരുടെ കഴിവും ആണ് മാനദണ്ഡമായി ഉപയോഗിക്കുന്നത്. അതിനാൽ ധനസഹായം അനുവദിക്കുന്നതിന് സർക്കാർ-സർക്കാർ ഇതര സ്ഥാപനങ്ങൾ എന്ന രീതിയിലുള്ള വകഭേദം ഇല്ല.

ശാസ്ത്രപോഷിണി പദ്ധതിയുടെ പ്രവർത്തനം

10 [1586] ശ്രീ. എം. വി. ജയരാജൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള സംസ്ഥാന ശാസ്ത്ര സാങ്കേതിക പരിസ്ഥിതി കൗൺസിൽ നടത്തുന്ന ശാസ്ത്ര പോഷിണി പദ്ധതിയുടെ പ്രവർത്തനം വിശദമാക്കുമോ;

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly